


ഈ തിരകളെത്തഴുകി വന്നെത്തുമീ
സംഗീതമെവിടെനിന്നെത്തുന്നുവോ
ആടിക്കാറ്റിലലഞ്ഞുലഞ്ഞെത്തുമീ
സംഗീതമനിക്കെത്രകേട്ടാലും
മതിയാവാത്തതെന്തേ?.......

ആകാശഗംഗയിൽ നിന്നോ
നിലാവിന്റെ നാട്ടിൽ നിന്നൊ
ആർത്തിരമ്പും ആഴിയുടെ
ആഴങ്ങളിൽ നിന്നൊ...
എവിടെനിന്നെവിടെനിന്നെത്തുമീ
ഗാനകല്ലോലിനി......

തപ്തനിശ്വാസങ്ങളിലെനിക്കാശ്വാസമായി
കൊടും വേദനയിലൊരു
വേനൽ മഴയായ്........
ഊഷരഭൂവിലൊരു
തുഷാരബിന്ദുവായ് നീ
എവിടെ നിന്നെത്തുന്നുവോ?

ഇതിനു ശ്രുതി ചേർത്തതാര്
ഇതിനു താളമിട്ടതാര്
ഇതൊരു ലയമായെന്നിലേക്കടിഞ്ഞ്
എനിക്കു മാത്രമായ് തീർന്നതൊ?

വിശ്വമാകെ നിറഞ്ഞു നിൽക്കുമീ
സംഗീതത്തിനു കാതോർത്തു നിൽക്കുമ്പൊഴും
അതെന്നു വേർതിരിച്ചറിയുമ്പൊഴും
ഞാനനുഭവിക്കുമീ..പരമാനന്ദം!!..

എൻഹൃദയകവാടം തുറന്നു ഞാൻ
എന്നിലേക്കാവാഹിച്ച്..
എന്നിൽക്കുടിയിരുത്തി..
ഞാനനുഭവിക്കുമീ പരമാനന്ദം!!...

എരിതീയിലെണ്ണ കോരുവോർ
മുതലക്കണ്ണീരൊഴുക്കുവോർ
നാവിനു മൂർച്ച കൂട്ടുവോരീ
ഗാനമൊന്നു കേട്ടിരുന്നുവെങ്കിൽ

കാരിരിമ്പിനെപ്പോലും..
കരിങ്കല്ലിനെപ്പോലും...
ദയാർദ്രമാക്കും.....ഈ മൃദുസ്വരമീ
ലോലസംഗീതം..........
എനിക്കെന്നുമാനന്ദധാര!!...